ആയൂർ ജവഹർ എച്ച്.എസ്.എസ്.-ന്റെയും അഞ്ചൽ ബി.എഡ്. സെന്ററിന്റെയും കെട്ടിട നിർമ്മാണം

296 (7267) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.യുടെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2013-14 വർഷത്തിൽ പുനലൂർ നിയോജകമണ്ഡലത്തിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന ആയൂർ ജവഹർ എച്ച്. എസ്. എസ്. ന്റെയും അഞ്ചൽ ബി.എഡ്. സെന്ററിന്റെയും കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ആയൂർ ജവഹർ ഹയർസെക്കണ്ടറി സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി 111 ലക്ഷം രൂപയുടെയും അഞ്ചൽ ബി.എഡ്. സെന്ററിന്റെ ഒന്നാംനിലനിർമ്മാണത്തിനായി 30.03 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റ് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.

ആയൂർ ജവഹർ ഹയർസെക്കണ്ടറി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി പൊതു വിദ്യാഭ്യാസ വകുപ്പിൽനിന്നും അഞ്ചൽ ബി.എഡ്. സെന്ററിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നുമാണ് പുറപ്പെടുവിക്കേണ്ടത്.

പാലക്കാട്-കുളപ്പുള്ളി റോഡിന്റെ നിർമ്മാണ മെയിന്റനൻസ് പ്രവൃത്തികൾ

297 (7268) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-കുളപ്പുള്ളി കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ മെയിന്റനൻസ് പ്രവൃത്തികൾ ആരെയാണ് ചുമതല ഏൽപ്പിച്ചിരിക്കുന്നത് ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത റോഡിനിരുവശവും നിർമ്മിച്ചിട്ടുള്ള അഴുക്കുചാലിന്റെ മെയിന്റനൻസ് നടത്താറുണ്ടോ ;

(സി) പാലക്കാട് കുളപ്പുള്ളി കെ.എസ്.ടി.പി. റോഡിൽ തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്നത്തേക്ക് സ്ഥാപിക്കും ; അതിനായി എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത് ;

(ഇ) തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി എത്ര രൂപ ചെലവഴിച്ചു ; വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly